'133701/2023

-

ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് പുതു വത്സര സമ്മാനം

731 പേർക് 5000 രൂപ വീതം 36.55 ലക്ഷം

പ്രൊഫിഷ്യൻസി അവാർഡ് അനുവദിച്ചു.

കേരള സംസ്ഥാന ഭിന്നശേഷി ക്ഷേമ കോർപ്പറേഷൻ 2023 മാർച്ചിൽ നടന്ന എസ്.എസ്.എൽ.സി /പ്ളസ് ടു (സ്റ്റേറ്റ്, സി.ബി.എസ്.ഇ ഐ.സി.എസ്.സി.) പരീക്ഷകളിൽ ഉന്നത വിജയം കൈവരിച്ച കേരളത്തിലെ ഭിന്നശേഷിക്കാരായ വിദ്യാർത്ഥി/ വിദ്യാർത്ഥിനികൾക്ക് മാനദണ്ഡങ്ങൾ പ്രകാരം 5,000/- രൂപ വീതം ക്യാഷ് അവാർഡ് അനുവദിച്ചു. പ്ളസ് ടു ജനറൽ വിഭാഗത്തിലെ 167 പേരും, പ്ളസ് ടു ബൌദ്ധിക വെല്ലുവിളികൾ നേരിടുന്ന വിഭാഗത്തിലെ 146 പേർക്കും, എസ്.എസ്.എൽ.സി ജനറൽ വിഭാഗത്തിലെ 176 പേർക്കും, എസ്.എസ്.എൽ.സി ബൌദ്ധിക വെല്ലുവിളികൾ നേരിടുന്ന വിഭാഗത്തിലെ 242 പേർക്കുമായി ആകെ 731 വിദ്യാർത്ഥി/ വിദ്യാർത്ഥിനികളുടെ ബാങ്ക് അക്കൌണ്ടിലേയ്ക്ക് 5000/- രൂപ വീതം ക്യാഷ് അവാർഡ് വിതരണം നടത്തിയിട്ടുണ്ട്. പൊതു വിഭാഗത്തിൽ ബി ഗ്രേഡ് അല്ലെങ്കിൽ അതിൽ കൂടുതൽ ഗ്രേഡ് നേടിയവർക്കും ബൌദ്ധിക വെല്ലുവിളികൾ നേരിടുന്ന വിഭാഗത്തിലെ പാസ്സായവർക്കുമാണ് പ്രോഫിഷ്യൻസി അവാർഡ് .

അർഹരായ ഗുണഭോക്താക്കളുടെ വിവരങ്ങൾ www.hpwc.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 0471-2347768, 9497281896 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടാവുന്നതാണ്.

മാനേജിംഗ് ഡയറക്ടർ

കേരളസംസ്ഥാന ഭിന്ന ശേഷി

ക്ഷേമ കോർപറേഷൻ

Managing Director
Kerala State Handicapped
Persons Welfare Corporation Ltd.
Poojappura, Thiruvananthapuram - 695